**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഉല്പ്പാദന മേഖലയിൽ ഫണ്ട് വകയിരുത്തുന്നത് സംബന്ധിച്ച് കൂടുതൽ സ്പഷ്ടീകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം. **2235/2016**/തസ്വഭവ തീയതി, തിരുവനന്തപുരം : **25.07.2016.**

പരാമർശം :-1) സ.ഉ(സാധാ)നം. **2037** /2016/തസ്വഭവ തീയതി 30.06.2016.

2) 13.07.2016-ൽ നടന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ നമ്പർ 1 തീരുമാനം.

**ഉത്തരവ്**

പരാമർശം (1 ) ഉത്തരവ് പ്രകാരം ഉല്പ്പാദന മേഖലയ്ക്ക് ഫണ്ട് വകയിരുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുക വകയിരുത്തുന്നതിൽ വ്യക്തത വേണമെന്ന് പല തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) തീരുമാന പ്രകാരം ചുവടെ ചേർത്തിട്ടുള്ള സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഉല്പ്പാദന മേഖലയ്ക്ക് 20% തുക കണക്കാക്കുന്നത് വികസനഫണ്ടിന്റെ സാധാരണ വിഹിതം , S.C.P ഫണ്ട്, T.S.P ഫണ്ട് ഇവയുടെ ആകെ തുകയിൽ നിന്നും നിർബന്ധിത വകയിരുത്തൽ കഴിച്ചുള്ള തുകയുടെ 20% ആണ് വകയിരുത്തേണ്ടത്. ജൈവവള നിർമ്മാണത്തിനും വിതരണത്തിനും ചെലവു ചെയ്യുന്ന തുക ഉല്പ്പാദന മേഖലയിൽ വകകൊള്ളിക്കാവുന്നതാണ്. ഉല്പ്പാദന മേഖലയ്ക്കുള്ള വകയിരുത്തൽ മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് 10% മതിയാകുന്നതാണ്.

ii. ശുചിത്വം, മാലിന്യസംസ്കരണം ഇവയ്ക്കു വകയിരുത്തേണ്ട 10% സാധാരണ വിഹിതം, S.C.P, T.S.P ഫണ്ട് , KLGSDP ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മീഷൻ ഫണ്ട് ഇവയുടെ ആകെ തുകയിൽ നിന്നും മുകളിൽപ്പറഞ്ഞ നിർബന്ധിത വകയിരുത്തൽ കിഴിച്ചുള്ള തുകയുടെ 10% ആയിരിക്കണം.

iii. ഉല്പ്പാദന മേഖലയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾ നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾ , ബ്ലോക്ക് പഞ്ചായത്തുകൾ വകയിരുത്തുന്ന 20% തുകയിൽ നിന്നും വിഹിതം നൽകാവുന്നതാണ്. ഗുണഭോക്താക്കളെ പഞ്ചായത്തിന്റെ ഗ്രാമസഭ വഴി തിരഞ്ഞെടുത്തതായിരിക്കണം.

iv. നിലവിലെ സർക്കാർ ഉത്തരവു പ്രകാരം ODF പ്രോജക്ടിന് വകയിരുത്തുന്ന തുക മേൽപ്പറഞ്ഞ ശുചിത്വം, മാലിന്യസംസ്കരണം ഇവയ്ക്കു വകയിരുത്തേണ്ട മിനിമം 10%-ൽ ഉൾക്കൊള്ളിക്കാവുന്നതാണ്. ODF ന് ആവശ്യമെങ്കിൽ കൂടുതൽ തുക വകയിരുത്താവു ന്നതാണ്.

v. ODF ന് വേണ്ടി ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടിന് ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തുകൾ ഈയിനത്തിൽ വകയിരുത്തുന്ന 10% തുകയിൽ നിന്നും വിഹിതം നൽകാവുന്നതാണ്.

vi. കക്കൂസ് നിർമ്മാണത്തിനുവേണ്ടി ശുചിത്വ മിഷൻ വഴി ലഭിക്കാവുന്ന തുകയുംകൂടി പദ്ധതി രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിക്കുന്നതാണ്. ഇതിനു വേണ്ടി ലഭിക്കുന്ന കേന്ദ്രസഹായം വാലിഡേഷനിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഇതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ I.K.M വരുത്തേണ്ടതാണ്.

vii. കൈവശാവകാശ രേഖകളില്ലാത്ത വസ്തുക്കളിൽ താമസിക്കുന്ന കുടുംബങ്ങളിൽ റോഡിന്റെ അപകടകരമായ വളവുകൾ, പുഴയുടെ ഹൈവാട്ടർ ലെവലിനു താഴെയുള്ള പുറമ്പോക്ക് ഭൂമി എന്നിവടങ്ങളിൽ താമസിക്കുന്നവരൊഴികെ ODF സ്കീമിൽപ്പെടുത്തി കക്കൂസുകൾ നൽകാവുന്നതാണ്.

viii. കക്കൂസ് നിർമ്മാണത്തിനുവേണ്ടി കേന്ദ്രസഹായം മാത്രം ഉൾപ്പെടുത്തി പ്രോജക്ട് വയ്ക്കുകയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിന് മാത്രമായി പ്രോജക്ട് വയ്ക്കുകയോ ചെയ്ത സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകൾ ഡ്രോപ്പ് ചെയ്ത് മുഴുവൻ തുകയും പദ്ധതി വിഹിതത്തിൽ നിന്നും ആദ്യം ചെലവു ചെയ്യുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്. ശുചിത്വ മിഷൻ വഴി കേന്ദ്രവിഹിതം കിട്ടുന്ന മുറയ്ക്ക് അത് അധിക വിഭവമായി വികസന പ്രോജക്ടുകൾക്ക് ചെലവു ചെയ്യാവുന്നതാണ്. ഇതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ I.K.M വരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എ.കെ.മോഹന കുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി.

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ലാനിംഗ് ബോർഡ്,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ
**പകർപ്പ്:-** തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ ഓഫീസ്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**